# റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ

## ബാങ്കിംഗ് റഗുലേഷന്‍ വിഭാഗം

## കേന്ദ്ര ഓഫീസ്, മുംബൈ

ആര്‍.ബി.ഐ./2018-19/104
ഡി.ബി.ആര്‍.ഐബിഡി.ബി.സി.19/23.67.001/2018-19 ജനുവരി 9, 2019

എല്ലാ ഷെഡ്യൂള്‍ഡ് വാണിജ്യബാങ്കുകളും
(റീജിയണല്‍ റൂറല്‍ബാങ്കുകള്‍ ഒഴികെ)

ഡിയര്‍ സര്‍/മാഡം,

## <u>ഗോള്‍ഡ് മോണിറ്റൈസേഷന്‍ പദ്ധതി 2015</u>

ബാങ്കിംഗ് നിയന്ത്രണനിയമം 1949-ലെ 35എ വകുപ്പ് പ്രകാരം ഭാരതീയ റിസര്‍വ് ബാങ്കില്‍ നിക്ഷിപ്തമായിട്ടുള്ള അധികാരമനുസരിച്ച് റിസര്‍വ്വ് ബാങ്ക് ഓഫ് ഇന്ത്യ (ഗോള്‍ഡ് മോണിറ്റൈസേഷന്‍ പദ്ധതി 2015) മാസ്റ്റര്‍ നിര്‍ദ്ദേശം നമ്പര്‍ ഡി ബി ആര്‍. എ ബി ഡി നം.45/23.67.003/2015-16, 2015 ഒക്ടോബര്‍ 22 ല്‍ ഉടന്‍ പ്രാബല്യത്തില്‍ വരത്തക്കവണ്ണം താഴെപ്പറയുന്ന ഭേദഗതികള്‍ വരുത്തിയിരിക്കുന്നു.

1. നിലവിലുള്ള ഉപഖണ്ഢിക 2.1.1(iv)താഴെപ്പറയുന്ന പ്രകാരം വായിക്കേണ്ട രീതിയില്‍ ഭേദഗതി വരുത്തിയിരിക്കുന്നു

   "നിക്ഷേപം നടത്താന്‍ അര്‍ഹതയുള്ളവര്‍ - തദ്ദേശവാസികളായ ഇന്ത്യാക്കാര്‍ [വ്യക്തികള്‍, ഹിന്ദുഅവിഭക്തകുടുംബങ്ങള്‍, പ്രൊപ്രൈറ്റര്‍, പാര്‍ട്ടണര്‍ഷിപ്പ് സ്ഥാപനങ്ങള്‍, സെബി നിയമപ്രകാരം രജിസ്റ്റര്‍ചെയ്യിട്ടുള്ള ട്രസ്റ്റുകള്‍, കമ്പനികള്‍, ധര്‍മ്മസ്ഥാപനങ്ങള്‍, കേന്ദ്രസര്‍ക്കാര്‍, സംസ്ഥാന സര്‍ക്കാര്‍ അല്ലെങ്കില്‍ കേന്ദ്രസര്‍ക്കാരിന്‍റെയോ സംസ്ഥാന സര്‍ക്കാരിന്‍റെയോ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥാപനങ്ങള്‍] എന്നിവര്‍ക്ക് ഈ പദ്ധതിപ്രകാരം നിക്ഷേപം നടത്താം. രണ്ടോ അതിലധികമോ പേര്‍ചേര്‍ന്നുള്ള സംയുക്തനിക്ഷേപവും ഈ പദ്ധതിയില്‍ അനുവദിക്കും. അങ്ങനെയെങ്കില്‍ നിക്ഷേപതുക വരവ് വയ്ക്കുന്നത് അവരുടെ സംയുക്തനിക്ഷേപ അക്കൗണ്ടിലായിരിക്കും. ജോയിന്‍റ് അക്കൗണ്ടുകള്‍ക്ക് നിലവിലുള്ള നിയമവും നോമിനേഷനും ഈ ഗോള്‍ഡ് ഡെപ്പോസിറ്റിനും ബാധകമായിരിക്കും.

2. ഭാരതീയ റിസർവ്വ് ബാങ്ക് 2015 ഒക്ടോബർ 22 ലെ മാസ്റ്റർ നിർദ്ദേശം നമ്പർ ഡി ബി ആർ. എ ബി ഡി നം.45/23.67.003/2015-16, 2015 ഒക്ടോബർ 22 ലെ മാസ്റ്റർ നിർദ്ദേശം മേൽപ്പറഞ്ഞ മാറ്റങ്ങളടുകൂടി ഗോൾഡ് മോണിറ്റൈസേഷൻ പദ്ധതി 2015 പരിഷ്കരിച്ചിരിക്കുന്നു.

വിശ്വസ്തതയോടെ,

(പ്രകാശ് ബലിയാർ സിംഗ്)

ചീഫ് ജനറൽ മാനേജർ)